**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4135** **03-03-2023 - ൽ മറുപടിയ്ക്ക്**

**വൃത്തിയുള്ള നവകേരളം - വലിച്ചെറിയൽ മുക്തകേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. എച്ച്. സലാം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം പരിപാടിയുടെ രണ്ടാം ഘട്ടമായി വൃത്തിയുള്ള നവകേരളം - വലിച്ചെറിയൽ മുക്തകേരളം പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തന പദ്ധതികൾ വിശദമാക്കാമോ; ഇതുവഴി എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കാമോ; | (എ) | 2023 ജനുവരി 26 ന് 'നവകേരളം വൃത്തിയുള്ള കേരളം, വലിച്ചെറിയമുക്ത കേരളം' പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. 2025 ജനുവരിയോടുകൂടി കേരളത്തെ സമ്പൂർണ്ണ മാലിന്യമുക്തമായി പ്രഖ്യാപിക്കാൻ കഴിയുന്ന തരത്തിൽ ജനകീയ പങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്താനാണ് ലക്ഷ്യമിടുന്നത്.<br><br>സ്ഥിരമായി വലിച്ചെറിയുന്ന സ്ഥലങ്ങൾ കണ്ടെത്തി ഈ സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നില്ല എന്നുറപ്പുവരുത്തുക, വൃത്തിയുള്ള പൊതു സ്ഥാപനങ്ങൾ സൃഷ്ടിക്കുക, മാലിന്യരഹിത പ്രദേശങ്ങൾ കണ്ടെത്തി വൃത്തിയാക്കി സംരക്ഷിക്കുക, മാലിന്യരഹിത വാർഡുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അസംബ്ലി മണ്ഡലങ്ങളും മാലിന്യ രഹീത ജില്ലകളും സൃഷ്ടിച്ച് വൃത്തിയുള്ള കേരളം പ്രഖ്യാപിക്കുക എന്നതാണ് ഈ പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നത്.<br><br>ഈ കാമ്പയിന്റെ ഭാഗമായി നിലവിലുള്ള അടിസ്ഥാന മാലിന്യ സംസ്കരണ സംവിധാനങ്ങൾ സാർവത്രികമാക്കുന്നതിനും ഗാർഹിക സ്ഥാപനതല ജൈവ/അജൈവ മാലിന്യ ശേഖരണവും സംസ്കരണവും ശക്തമാക്കുന്നതിനും ലക്ഷ്യമിടുന്നു. ദ്രവമാലിന്യ സംസ്കരണം കുറ്റമറ്റ നിലയിലാക്കാനും കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് സംവിധാനങ്ങളുടെ സ്ഥിതി വിലയിരുത്തി പരിഹാര പ്രവർത്തനങ്ങളും അജൈവ പാഴ് വസ്തുക്കളുടെ വാതിൽപ്പടി ശേഖരണം 100 ശതമാനത്തിൽ എത്തിക്കാനും എം.സി.എഫ്. ആർ.ആർ.എഫ്. എന്നീ സംവിധാനങ്ങൾ |

| | | | |
|---|---|---|---|
| | | | ഉറപ്പുവരുത്തി ഫോർവേർഡ് ലിങ്കേജ് കാര്യക്ഷമമാക്കിയുള്ള പ്രവർത്തനവും ലക്ഷ്യമിടുന്നു.<br><br>ബദൽ ഉല്പന്നങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുകയും, മാലിന്യത്തിന്റെ അളവ് ലഘൂകരിക്കാൻ നടത്തേണ്ട പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തുന്ന ഈ പ്രവർത്തനങ്ങൾക്ക് സഹായകരമായി ആരോഗ്യം, പോലീസ്, വിനോദസഞ്ചാരം, പൊതുമരാമത്ത്, ജലവിഭവം,ജലസേചനം, വാട്ടർ അതോറിറ്റി, വിദ്യാഭ്യാസം, കൃഷി, മണ്ണ് സംരക്ഷണം, പരിസ്ഥിതി, സാങ്കേതിക വിദ്യാഭ്യാസം, മത്സ്യബന്ധനം, ഹാർബർ എഞ്ചിനീയറിംഗ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ വകുപ്പുകളുടെ ഏകോപന പ്രവർത്തനങ്ങൾ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സാദ്ധ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഹരിത കേരളം മിഷൻ കുടുംബശ്രീ മിഷൻ, ശുചിത്വമിഷൻ, എം.ജി.എൻ.ആർ.ഇ.ജി.എസ്., എൽ.ഐ.ഡി& ഇ.ഡബ്ല്യു. ക്ലീൻ കേരള കമ്പനി എന്നിവയാണ് ഈ കാമ്പയിന് നേതൃത്വപരമായ പങ്കുവഹിക്കുന്നത്. വ്യാപകമായ വിവര വിജ്ഞാപനം പ്രവർത്തനങ്ങളും ഇതോടൊപ്പം നടത്തുന്നുണ്ട്. ഈ പ്രവർത്തന പരിപാടിക്ക് നിശ്ചയിച്ചിട്ടുള്ള കലണ്ടർ ചുവടെ ചേർക്കുന്നു.<br><br>ഒന്നാം ഘട്ടത്തിൽ 370 ഗ്രാമപഞ്ചായത്തുകളും 30 നഗരസഭകളും 2023 മെയ് 20 നുള്ളിൽ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി വിവിധ പ്രവർത്തനങ്ങൾ നടത്തി മാലിന്യരഹിത പഞ്ചായത്തുകളും നഗരസഭകളുമായി പ്രഖ്യാപിക്കുവാൻ ലക്ഷ്യമിടുന്നു.<br><br>രണ്ടാംഘട്ടത്തിൽ 375 ഗ്രാമപഞ്ചായത്തുകളും 40 നഗരസഭകളും 2024 മാർച്ച് 30 നുള്ളിൽ ആവശ്യമായ അടിസ്ഥാനസൗകര്യ വികസനം ഒരുക്കിയും മറ്റ് പ്രവർത്തനങ്ങൾ നടത്തിയും മാലിന്യരഹിതമായി പ്രഖ്യാപിക്കുവാൻ ലക്ഷ്യമിടുന്നു.<br><br>മൂന്നാം ഘട്ടത്തിൽ 196 ഗ്രാമപഞ്ചായത്തുകളും 23 നഗരസഭകളും 2025 മാർച്ചോട്ടുകൂടി മാലിന്യരഹിതമായി പ്രഖ്യാപിക്കുവാനും 2025മാർച്ച് 30ന് മാലിന്യരഹിത കേരളമായി പ്രഖ്യാപിക്കുവാൻ ലക്ഷ്യമിടുന്നു |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ മാലിന്യക്കൂമ്പാരങ്ങൾ കണ്ടെത്തി നീക്കം ചെയ്യുന്നതിന് പദ്ധതി ഉണ്ടോ; ശേഖരിക്കുന്ന | (ബി) | **ഉണ്ട്. തദ്ദേശ സ്ഥാപന തലത്തിൽ ലെഗസി മാലിന്യം നീക്കം ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.ശേഖരിക്കുന്ന മാലിന്യങ്ങളും** |

| | | | |
|---|---|---|---|
| | മാലിന്യങ്ങളും പാഴ്‌വസ്തുക്കളും ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | | **പാഴ് വസ്തുക്കളും ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിത കർമ്മ സേന ശേഖരിക്കുന്ന പാഴ് വസ്തുക്കൾ വാർഡ് തലത്തിൽ സ്ഥാപിച്ചിട്ടുള്ള മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലേക്കോ/ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ സ്ഥാപിച്ചിട്ടുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലേക്കോ എത്തിച്ച് അവയുടെ പുന: ചംക്രമണ മൂല്യത്തിനനുസരിച്ച് തരംതിരിച്ച് സർക്കാർ ഏജൻസിയായ ക്ലീൻ കേരള കമ്പനി മുഖേനയോ, പാഴ് വസ്തു വ്യാപാരികൾ മുഖേനയോ പുന: ചംക്രമണത്തിനോ പുനരുപയോഗത്തിനോ കൈമാറി വരുന്നു.** |

സെക്ഷൻ ഓഫീസർ